"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - 'കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ' എന്ന സംഘടനയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ.(കൈ) നം.12/2024/P&ARD തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ സെക്രട്ടറിയുടെ കത്ത്.

<u>ഉത്തരവ്</u>

'കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ' എന്ന സംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ടി സംഘടനയുടെ സെക്രട്ടറി പരാമർശ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 77-ലെ വ്യവസ്ഥകൾക്ക് വിധേയമായി 'കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ' എന്ന സംഘടനയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സംഘടനയുടെ നിയമാവലിയിൽ ഭേദഗതി വരുത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്. വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ്, ഭാരവാഹികളുടെ പട്ടിക എന്നിവ സംബന്ധിച്ച വിവരങ്ങൾ വകുപ്പ് മേധാവി മുഖാന്തിരം യഥാസമയം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

4. അംഗീകൃത സർവ്വീസ് സംഘടനകളുടെ പട്ടികയിൽ 'കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ' എന്ന സംഘടനയ്ക്ക് നൽകിയിരിക്കുന്ന ക്രമനമ്പർ 314 ആണ്. സംഘടനയുടെ എല്ലാ കത്തിടപാടുകളിലും ടി ക്രമനമ്പർ ചേർക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഓഫീസേഴ്സ് അസോസിയേഷൻ, തിരുവനന്തപുരം.

പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (5/01/2024 ലെ SPL-E3/2/2024-GAD നമ്പർ അനൗദ്യോഗിക കുറിപ്പ്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 05-08-2024 10:02:08
സെക്ഷൻ ഓഫീസർ